## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.851** **30.10.2019-ൽ മറുപടിയ്ക്ക്**

### പട്ടികജാതി വികസന വകുപ്പിനുകീഴിലെ ഐ.ടി.ഐ.കൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| പ്രൊഫ. കെ. യു. അരുണൻ | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഐ. ടി. ഐ. കൾ എത്രയെന്ന് അറിയിക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ 44 ഐ.റ്റി.ഐ.കൾ പ്രവർത്തിക്കുന്നു. |
| (ബി) | ഇതിൽ എത്ര മോഡൽ റസിഡൻഷ്യൽ ഐ.ടി.ഐ.കൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഇതിൽ മര്യാപുരം (തിരുവനന്തപുരം), ഓച്ചിറ (കൊല്ലം) ഐക്കാട്, പന്തളം (പത്തനംതിട്ട). എസ്.പി കോളനി കറിച്ചി (കോട്ടയം), എങ്കക്കാട് (തൃശ്ശൂർ), മംഗലം (പാലക്കാട്) എന്നീ 7 ഐ.റ്റി.ഐ.കൾ മോഡൽ റസിഡൻഷ്യൽ ഐ.ടി.ഐ.കൾ ആയി പ്രവർത്തിക്കുന്നു. |
| (സി) | വകുപ്പിനുകീഴിലെ ഐ.ടി.ഐ.കൾ എല്ലാം പ്രവർത്തനക്ഷമമാണോ; പ്രസ്തുത ഐ.ടി.ഐ.കളിൽ സാങ്കേതിക മികവുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | പ്രവർത്തനക്ഷമമാണ്.<br>പട്ടികജാതി വികസന വകുപ്പിനു കീഴിൽ ഇടുക്കി, വയനാട് എന്നീ ജില്ലകൾ ഒഴിച്ചുള്ള 12 ജില്ലകളിലായി 44 ഐ.ടി.ഐ.കൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 7 എണ്ണം മോഡൽ റസിഡൻഷ്യൽ ഐ.റ്റി.ഐ.കളായി പ്രവർത്തിക്കുന്നു.<br>കാലാനുസൃതമായി മാറി വരുന്ന സിലബസനുസരിച്ച് പഠനോപകരണങ്ങൾ ലഭ്യമാക്കിയും കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കിയും ഐ.ടി.ഐ.കളെ സാങ്കേതിക മികവുള്ള സ്ഥാപനങ്ങളായി ഉയർത്തുന്നതിന് സർക്കാർ മുൻതൂക്കം നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**